(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.4 /2131/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം , തിരുവനന്തപുരം

ഇമെയിൽ - lfadtvm@yahoo.in

വെബ് - www.lfa.kerala.gov.in

ഫോൺ - 04712331231

തീയതി. 08.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വിളവൂർക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം
കെ.എസ്.എ.റ്റി.വി.എം.ജി.പി.4/2131/2016 തീയതി:08.12.2016

തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2014-15സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.2016മുതൽ 22.10.2016തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും 2015-16 വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.ജമാലുദ്ദീൻ. എ,ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 22-10-2016 മുതൽ 28-10-2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ.മുഹമ്മദ് സലിം .എം | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ.സഞ്ജയ്.പി.ഐ | അസി.ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| 3 | ശ്രീ.പ്രേം നാഥ്.ജി.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 4 | ശ്രീമതി.സുനിതബാബു.ബി.എസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് - ശ്രീമതി. ലാലി.റ്റി (01.04.2015 മുതൽ 31.10.2015 വരെ)

ശ്രീ. അനിൽ കുമാർ (19-11-2015 മുതൽ 31.03.2016 വരെ)

നിർവ്വഹണ ഉദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. റ്റൈറ്റസ്.ഡി | 01.04.2015 മുതൽ 31.03.2016 വരെ |
| അസി.സെക്രട്ടറി | ശ്രീ.കെ.വി. സുരേഷ്കുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ (സർക്കിൾ 1) | ശ്രീമതി. സജീഷ.എ.എസ് | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ (സർക്കിൾ 2) | ശ്രീ.ബിനു കുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്റിനറി സർജൻ | ഡോ.ഭാഗ്യലക്ഷ്മി | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ലതിക.പി.എസ് | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.മാലിനി | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.സിന്ധുറാണി | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.അഗസ്റ്റിൻ | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ്മാസ്റ്റർ (ഗവ.ഹൈസ്കൂൾ, വിളവൂർക്കൽ) | ശ്രീ.സ്റ്റീഫൻ | 01.04.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.കലാറാണി | 01.04.2015 മുതൽ 31.03.2016 വരെ |
| അസി.എഞ്ചിനീയർ | ശ്രീ.ലിയോ ജോസ് | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 01 | ബജറ്റ് | 1-1 | |
| 02 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 03 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 04 | സാമ്പത്തിക വിശകലനം | 1-4 | |
| 05 | ഫണ്ട് വിനിയോഗം | 1-5 | |
| 06 | പദ്ധതി അവലോകനം. | 1-6 | |
| 07 | തനത് വരുമാനം. | 1-7 | |
| 08 | ക്ഷേമപദ്ധതികൾ | 1-8 | |

| | | | |
|---|---|---|---|
| 09 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | ഡി & ഒ ലൈസൻസ് -അവലോകനം | 2-1 | |
| 13 | മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല. | 2-2 | |
| 14 | കെട്ടിട നികുതി - കളക്ഷൻ - 50.3% | 2-3 | |
| 15 | കെട്ടിട പെർമിറ്റ് സംബന്ധിച്ച് | 2-4 | |
| | ഭാഗം 3 | | |
| 16 | ആശ്രയ പദ്ധതി നടപ്പിലാക്കിയില്ല | 3-1 | |
| 17 | വിനിയോഗ സാക്ഷ്യപത്രവും, ബന്ധപ്പെട്ട രേഖകളും സമർപ്പിച്ചില്ല- തുക തടസ്സപ്പെടുത്തുന്നു | 3-2 | |
| 18 | വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു. | 3-3 | |
| 19 | മാവേലിസ്റ്റോർ ആരംഭിക്കൽ - സർക്കാർ ഉത്തരവ് മറികടന്ന് തുക നൽകിയത് ക്രമ വിരുദ്ധം | 3-4 | |
| 20 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - സബ്സിഡി മാർഗ്ഗരേഖ പാലിക്കപ്പെട്ടിട്ടില്ല. | 3-5 | |
| | ഭാഗം 4 | | |
| 21 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 22 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 24 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 26 | ഓഡിറ്റ് റിക്കവറി | 4-6 | |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8. | |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9. | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 25.03.2015 തിയതിയിലെ 7-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 147694340/- രൂപ വരവും 140932500 /- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2016 | 02-07-2016 | --- | --- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 27-10-2016 | - |

സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 18264062 .95

വരവ് - 47339456

ആകെ - 65603518.95

ചെലവ് - 58193905

നീക്കിയിരിപ്പ്- 7409613

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2939998 | 10677999 | (+)1924192 | 15542189 | 15542189 | 0 |
| വികസനഫണ്ട് എസ്.സി.പി. | 939369 | 2470650 | 0 | 3410019 | 3410019 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 71600 | 151700 | (-70200) | 153100 | 153100 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 278605 | 10781548 | 0 | 11060153 | 11060153 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 508181 | 1280277 | 0 | 1788458 | 1788458 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1880691 | 5702035 | (-1203515) | 6379211 | 6379211 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3879019 | 579424 | (-)650477 | 3807966 | 3807966 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 115 | 56978870 | 98 | 45519973 | 12 | 17 | 80% |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 9% ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4755710 | 3855422 | (_900288) | (_)18% |
| നികുതിയേതര വരവുകൾ | 978513 | 1141876 | 163363 | (+)16% |
| മറ്റുവരവുകൾ | 284356 | 436441 | 152085 | (+)53% |
| ആകെ | 6018579 | 5433739 | (_)584840 | (_)9% |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 812760 | 469 |
| കർഷകതൊഴിലാളി പെൻഷൻ | 3035940 | 388 |
| വിധവാപെൻഷൻ | 12294760 | 1261 |
| വാർദ്ധക്യകാലപെൻഷൻ | 13270110 | 1915 |
| വികലാംഗപെൻഷൻ | 3542035 | 346 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 210000 | 7 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 86480 | 10 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25/10/2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15357/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഫ്രണ്ട് ഓഫീസ് സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്. വളരെ ഇടുങ്ങിയ സ്ഥലത്താണ് ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നത്. ജനങ്ങൾ പ്രവേശക കവാടത്തിൽ കൂടി നിന്ന് തിരക്ക് സൃഷ്ടിക്കുന്ന അവസ്ഥയാണ് ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്ന സ്ഥലത്ത് സംജാതമായിട്ടുള്ളത്. ജനങ്ങൾക്ക് ഇരിക്കുവാനുള്ള സംവിധാനം വർദ്ധിപ്പിക്കേണ്ടതാണ്.

സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.പ്രോജക്ടുമായി ബന്ധപ്പെട്ട ഫയലുകളിൽ മതിയായ രേഖകൾസൂക്ഷിച്ചിട്ടില്ല. മോണിറ്ററിംഗ് സംവിധാനം ഫലപ്രദമല്ല. അരിയർ ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കേണ്ടതും തനതു വരുമാനം പിരിച്ചെടുക്കേണ്ടതുമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17/10/2016 &18/10/16 | 01/09/2016മുതൽ 30/09/2016 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17/02/2014 | 2008-09 മുതൽ 2012-13 വരെ | 21/04/2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് -അവലോകനം

(എ) 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ) ചട്ടം 5 പട്ടിക 1 ക്രമനമ്പർ 194 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾ ഡി&ഒ ലൈസൻസ് എടുക്കേണ്ടതാണ്. പഞ്ചായത്തു പരിധിയിൽ 14റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട് (ഓഡിറ്റ് എൻക്വയറി 2). എന്നാൽ ഇവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) ട്രേഡ്സ് രജിസ്റ്റർ വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ട്രേഡ്സ് രജിസ്റ്ററിൽ 180 സ്ഥാപനങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നത്. പ്രസ്തുത രജിസ്റ്ററിൽ പഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടില്ല. ഡി&ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 2014-15ൽ 149 സ്ഥാപനങ്ങളും 2015-16 ൽ 201 സ്ഥാപനങ്ങളും ലൈസൻസ് നേടിയിട്ടുണ്ട്. ഫീൽഡ് സ്റ്റാഫിന്റെ സഹായത്താൽ ട്രേഡ്സ് രജിസ്റ്റർ കാലികമാക്കി തയ്യാറാക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല.

ജി.ഒ (ആർ.ടി) 19/2011/ത.സ്വ.ഭ.വ , തീയതി 14-01-2011 പ്രകാരം മൊബൈൽ ടവറുകൾക്ക് വസ്തു നികുതി ചതുരശ്ര മീറ്ററിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. മൊബൈൽ ടവറും അനുബന്ധ സൗകര്യങ്ങളായ ഡിജിറ്റൽ ഷെൽട്ടർ എന്നിവ ഒറ്റ യൂണിറ്റായി കണക്കാക്കിയാണ് പ്ലിന്ത് ഏരിയ കണക്കാക്കുന്നത്. പഞ്ചായത്ത് പരിധിയിൽ 8 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട് (ഓഡിറ്റ് എൻക്വയറി 2). മൊബൈൽ ടവറുകളിൽ നിന്നും 2015-16 ൽ വസ്തു നികുതിയിനത്തിലും പെർമിറ്റ് ഫീസ് ഇനത്തിലുമായി 7651 രൂപയാണ് ലഭ്യമായിട്ടുള്ളത്. പഞ്ചായത്ത് പരിധിയിലെ എല്ലാ ടവറുകളുടെയും വിസ്തീർണ്ണം കണക്കാക്കി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി നികുതി ഡിമാന്റ് ചെയ്യുന്നതിനും നികുതി ഈടാക്കുന്നതിനും ആവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-3 കെട്ടിട നികുതി - കളക്ഷൻ - 50.3%

പഞ്ചായത്തിന്റെ തനതു വരുമാനത്തിന്റെ പ്രധാന സ്രോതസ്സുകളിലൊന്ന് വസ്തുനികുതി പിരിവാണ്. 2014-15 സാമ്പത്തിക വർഷത്തെ വസ്തു നികുതി കളക്ഷൻ 50.3% മാത്രമാണ്. സഞ്ചയ സോഫ്റ്റ് വെയറിൽ നൽകിയിട്ടുള്ള ഡേറ്റ വിവരങ്ങൾ സാംഖ്യയുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മാന്വൽ രസീതു വഴി സ്വീകരിച്ചിട്ടുള്ള വസ്തു നികുതി തുകകൾ പൂർണ്ണമായും സോഫ്റ്റ് വെയറിൽ പോസ്റ്റ് ചെയ്തിട്ടില്ല. സഞ്ചയയിൽ നൽകിയിട്ടുള്ള ഡേറ്റ എൻട്രിയിൽ വ്യക്തികളുടെ പേര്, വീട്ടുനമ്പർ, തുക ഇവ പൊരുത്തപ്പെടാത്ത വിധത്തിലുള്ള അപാകതകൾ ഉൾപ്പെട്ടിട്ടുണ്ട്. സഞ്ചയ ഡാറ്റാ എൻട്രിയിലെ അപാകതകൾ പരിഹരിക്കുന്നതിനും മാന്വൽ രസീതിലൂടെ തുക സ്വീകരിക്കുമ്പോൾ യഥാസമയം ആവശ്യമായ പോസ്റ്റിംഗ് ചെയ്യുന്നതിനും ,കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 കെട്ടിട പെർമിറ്റ് സംബന്ധിച്ച്

കെട്ടിട പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. കെട്ടിടത്തിന് നമ്പർ നൽകുന്ന മുറയ്ക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ പെർമിറ്റ് നൽകിയ കെട്ടിടങ്ങളിൽ പൂർത്തിയാക്കിയവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. വാണിജ്യാവശ്യത്തിനു പെർമിറ്റ് നൽകുന്നവയിൽ കെട്ടിടം പൂർത്തീകരിക്കുന്ന മുറയ്ക്ക് തൊഴിൽ നികുതി നിർണയിക്കുന്നതിനായി അത്തരം കെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടില്ല. ആയതിനാൽ കച്ചവട സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ യഥാസമയം ഡിമാന്റ് ചെയ്ത് ഈടാക്കാൻ സാധിക്കുന്നില്ല. കെട്ടിടപെർമിറ്റ്, റഗുലറൈസേഷൻ, അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്ററുകൾ യഥാവിധി സൂക്ഷിക്കുന്നതിനും തൊഴിൽ നികുതി, ഡി& ഒ ലൈസൻസ് ഫീസ് എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആശ്രയ പദ്ധതി നടപ്പിലാക്കിയില്ല

പ്രോജക്ട് നമ്പർ : 123/2015-16

അടങ്കൽ തുക :100000/-

ചെലവഴിച്ച തുക :ചെലവഴിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥ – അസി. സെക്രട്ടറി

പദ്ധതി മാർഗ്ഗരേഖ അനുബന്ധം 14(1) പ്രകാരം ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയിൽ അഗതി കുടുംബങ്ങൾക്കു വേണ്ടി ' ആശ്രയ' എന്ന സുഷ്മമായ പ്രോജക്ട് ഉണ്ടായിരിക്കണമെന്ന മാനദണ്ഡം പാലിക്കുന്നില്ല. വർഷങ്ങളായി ആശ്രയയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ഒന്നും തന്നെ നടപ്പിലാക്കുന്നില്ലായെന്ന് മുൻ റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നു. ഖണ്ഡിക :6 (II) (X) (I) പ്രകാരം ആശ്രയ പദ്ധതിയുടെ പൊതു നടത്തിപ്പിന്റെ മേൽനോട്ടം, വിലയിരുത്തൽ, എന്നിവ നിക്ഷിപ്തമാണെന്നിരിക്കെ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമിറ്റി ചെയർപേഴ്സൺ , തദ്ദേശഭരണ സെക്രട്ടറി , സി.ഡി.എസ് ചെയർപേഴ്സൺ , മെമ്പർ സെക്രട്ടറി , മെഡിക്കൽ ഓഫീസർ, അംഗൻവാടി സൂപ്പർവൈസർ, തുടങ്ങിയവർ അടങ്ങിയ കമ്മറ്റി രണ്ടു മാസത്തിൽ ഒരിക്കൽ സമിതി കൂടി വിലയിരുത്തേണ്ടതുമാണ്.

## 3-2 വിനിയോഗ സാക്ഷ്യപത്രവും ബന്ധപ്പെട്ട രേഖകളും സമർപ്പിച്ചിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ : 166/2015-16

പേര് : എസ്. എസ്. എ ഫണ്ട്

നിർവ്വഹണം: എച്ച്. എം

തുക :500000/-

പദ്ധതി മാർഗ്ഗരേഖ അനുബന്ധം- (6) (1) പ്രകാരം മുഴവൻ സർക്കാർ സ്കൂളുകളിലും ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനു മുൻഗണന നൽകണം, ഖണ്ഡിക (VI) പ്രകാരം. സ്കൂൾ ഉച്ച ഭക്ഷണ പരിപാടി വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിൽ നടന്നു വരുന്നതിനാൽ അതുമായി ബന്ധപ്പെട്ട ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തണമെന്ന രീതിയും ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്നില്ല. ഖണ്ഡിക (Vii) പ്രകാരം എസ്. എസ്. എ പ്രോജക്ടിന് തുക കൈമാറുന്നതിനു മുൻപ് മുൻവർഷം നൽകിയ തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനം വാങ്ങി സൂക്ഷിക്കണമെന്ന രീതിയും പിൻതുടരുന്നില്ല. ആയതുമായി ബന്ധപ്പെട്ട പൂർത്തികരണ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 500000/- രൂപ തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല , തുക തടസ്സപ്പെടുത്തുന്നു.

| ക്രമനമ്പർ | പ്രോജക്ട് നമ്പർ, പേര് | ബിൽ നമ്പർ, തീയതി | തുക |
|---|---|---|---|
| 1 | 81/16<br>മുളയറത്തലയ്ക്കൽ.കെ.ഡബ്ള്യു.വി.പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 8/24.08.15,<br>9/24.08.15 | 16000<br>14000 |

| | | | |
|---|---|---|---|
| 2 | 84/16,<br>ആലന്തറക്കോണം ചുള്ളക്കുഴി ചാമവിള സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 11/24.08.15 | 89050 |
| ആകെ | | | 119050 |

പൂർത്തീകരണസർട്ടിഫിക്കറ്റ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 മാവേലിസ്റ്റോർ ആരംഭിക്കൽ - സർക്കാർ ഉത്തരവ് മറികടന്ന് തുക നൽകിയത് ക്രമ വിരുദ്ധം

സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ട് നമ്പർ 209/16 പ്രകാരമുള്ള മാവേലിസ്റ്റോർ ആരംഭിക്കൽ എന്ന പദ്ധതിക്ക് തനതു ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ കത്ത്(ത.സ്വ.ഭ.വ ഡി.എ.2/431/2015 തീയതി 17.08.15) മറികടന്നാണ് ടി തുക നൽകിയിരിക്കുന്നത്. ടി കത്തു പ്രകാരം വാടക കെട്ടിടം അനുവദിക്കാവുന്നതാണെന്നും എന്നാൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി തനതു ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന ആവശ്യം അംഗീകരിക്കാൻ നിർവ്വാഹമില്ലെന്നും പഞ്ചായത്തിനെ അറിയിച്ചിരുന്നു. വിളവൂർക്കൽ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 04.08.15 ലെ 11(7) -ാം നമ്പർ തീരുമാനത്തിനും പഞ്ചായത്ത് ഡയറക്ടറുടെ 10.08.2015 ലെ ജി.1-26938/15 -ാം നമ്പർ കത്തിലുമാണ് സർക്കാർ ടി അറിയിപ്പ് നൽകിയത് .എന്നാൽ സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി 12.08.2015 ന് ഒരു ലക്ഷം രൂപയുടെ ചെക്ക്(നമ്പർ -412484, തീയതി 12.08.2015) പ്രകാരം അസിസ്റ്റന്റ് മാനേജർ ,കേരളാ സിവിൽ സപ്ളൈസ് കോർപ്പറേഷൻ , താലൂക്ക് ഡിപ്പോ, നെയ്യാറ്റിൻകരയ്ക്ക് നൽകിയത് ക്രമ വിരുദ്ധമാണ്. സർക്കാർ കത്ത് 17.08.15 ന് ലഭിക്കുന്നതിനു മുമ്പാണ് തുക ഒടുക്കിയിരിക്കുന്നത് . ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ ഏഴിന് നൽകിയ മറുപടിയിൽ പനങ്ങോട് മാവേലി സ്റ്റോർ ആരംഭിക്കുവാൻ ഒരു ലക്ഷം രൂപ തനതു ഫണ്ടിൽ നിന്നും നൽകുവാൻ ഭരണ സമിതിയുടെ 04.08.15 ലെ II(14) -ാം നമ്പർ തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരിക്കുന്നുവെന്നാണ് പറഞ്ഞിരിക്കുന്നത്. പ്രസ്തുത മറുപടി തൃപ്തികരമല്ല. ഈ സാഹചര്യത്തിൽ മാവേലി സ്റ്റോറിനു വേണ്ടി തനതു ഫണ്ടിൽ നിന്നും ചെലവഴിച്ച ഒരു ലക്ഷം രൂപ തടസ്സത്തിൽ വയ്ക്കുന്നു. വ്യക്തമായ വിശദീകരണം നല്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - സബ്സിഡി മാർഗ്ഗരേഖ പാലിക്കപ്പെട്ടിട്ടില്ല.

പ്രോജക്ട് നമ്പർ - SO 206/10

ആകെ തുക - 200000/-

നിർവ്വഹണ ഉദ്യോഗസ്ഥ - ICDS സൂപ്പർവൈസർ

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന പതിനഞ്ച് പേർക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് പഠിക്കുന്ന ക്ളാസ്സിന്റെ അടിസ്ഥാനത്തിലും മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പ്രതിമാസം 1000/- രൂപ ക്രമത്തിലുമാണ് നൽകേണ്ടത്. (ജി.ഒ.(എം.എസ്) 4/2016 തസ്വഭവ ,11.01.2016) എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ശാരീരിക വെല്ലുവിളി നേരിടുന്ന 3 വിദ്യാർത്ഥികൾക്ക് സ്റ്റാന്റേർഡിന്റെ അടിസ്ഥാനം പരിഗണിക്കാതെ സ്കോളർഷിപ്പ് നൽകിയിരിക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് | ക്ളാസ്സ് | നൽകിയ ബത്ത | നൽകാവുന്ന ബത്ത |
|---|---|---|---|
| പാർവ്വതി എ.ബി | +2 | 5000 | 600/month(Day scholar)<br>800/month(Hosteler) |
| രാഹുൽ.ആർ | 7 | 5500 | 500/month (Day scholar) 750/month (Hosteler) |
| രാരിക.ജെ.എസ്. | BA | 5500 | 800/month (Day scholar)<br>1250/month (Hosteler) |

സബ്സിഡി മാർഗ്ഗരേഖ പാലിക്കാതെയുള്ള സ്കോളർഷിപ്പ് വിതരണം വരും വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | 81/16 മുളയറത്തലയ്ക്കൽKWV പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 8/24.08.15<br>9/24.08.15 | 30000 | 0 | 30000 |
| KSEB | 84/16ആലന്തറക്കോണം ചാമവിള സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 11/24.08.15 | 89050 | 0 | 89050 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| | ഇല്ല | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവന പദ്ധതി | 207/2010, 20/01/2010 | 14023500 | 5229483 | 1238210 | 0 | 3991273 |

- 

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| | ഇല്ല |
| ആകെ | - |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ 16985 രൂപ ലഭ്യമായിട്ടുണ്ട്

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ബാധകമല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 65603518.95 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 58193905 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല. |

| | | |
|---|---|---|
| | | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 748641 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | | |
| | | NIL | |
| | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.2 | 500000 | എച്ച്.എം |
| 3.3 | 119050 | സെക്രട്ടറി |
| 3.4 | 100000 | സെക്രട്ടറി |
| | | |
| | | |
| | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.റ്റൈറ്റസ്.ഡി,സെക്രട്ടറി | | രേവതി, മണത്തോട്ടം, വെള്ളറടpo 695505 |

| | | |
|---|---|---|
| | | |
| ശ്രീ.സ്റ്റീഫൻ,എച്ച്.എം | Govt High School Vilavoorkal | മിസ്സ,വിഴവൂർ, മലയിൻകീഴ്.പി.ഒ 695571 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി.4/889/2013, തീയതി 16.04.2013 | 1 | |
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.4/890/2013, തീയതി 16.04.2013 | 8 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.4/704/2004 തീയതി.25.06.2014 | 9 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.4/820/2005, തീയതി.31.01.2014 | 7 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി.4/311/2007 തീയതി.25.06.2014 | 8 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.4/483/2007 തീയതി.24.10.2011 | 11 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.4/484/2008 തീയതി.02.11.2011 | 11 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.4/800/2009 തീയതി.08.07.2011 | 8 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.4/2297/2011 തീയതി.05.04.2013 | 6 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.4/2298/2011 തീയതി.16.04.2013 | 7 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1700/2014 തീയതി.20.10.2014 | 17 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1789/2014(2) തീയതി.08.12.2014 | 10 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1173/2014 തീയതി.13.10.2014 | 17 | |
| 2013-14 | കെ.എസ്.എ.റ്റി .വി.എം. ജി.പി .4/1078/2015 തീയതി.28.09.2015 | 24 | |
| 2014-15 | കെ.എസ്.എ.റ്റി .വി.എം. ജി.പി .4/1336/2016,തീയതി 30/07/2016 | 18 | |

## 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

)4-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4)-1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് ാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 ാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ന്റെ റിപ്പോർട്ടിലെ 2,3 ഭാഗങ്ങളിലെ ഖണ്ഡികകളിൽ വിശദീകരിച്ചിട്ടുള്ളതു പോലെ രൂപയുടെ തടസ്സം രൂപയുടെ നിരാകരണം ഒഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ംകാര്യ പത്രിക വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.ഇത് തയ്യാറാക്കിയത് )4-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും 2003ജൂൺ 12-ലെ നമ്പർ:319/2003/ധന, തിയതി:12.06.2003 ഉത്തരവും അനുസരിച്ചാണ്.

പ്യൂട്ടി ഡയറക്ടർ

## 2

### ന്യൂനതകളുടെ സഗ്രഹം

ിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം ഇനത്തിൽ 210000 രൂപ വരവും ചെലവും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ആസ്തി രജിസ്റ്റർ വാല്യൂബേസ്ഡ് ആയി തയ്യാറാക്കിയ തുകയല്ല ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഃസ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. സ്റ്റോക്കിന്റെ മൂല്യം കണക്കാക്കിയ തുകയല്ല ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഡെപ്യൂട്ടി ഡയറക്ടർ